# Desabhimani
# 28 August 2018
# Rescue Operation, Flood After Affect, Indian Army



## ആറന്മുളയിലെ ത്രീ വുമൺ ആർമി

കോഴഞ്ചേരി തെക്കേമലയിൽ പ്രളയദുരിതത്തിൽപെട്ട കുഞ്ഞിനെ വീണാ ജോർജ് എംഎൽഎ സുരക്ഷിതസ്ഥാനത്തേക്ക് കൈമാറുന്നു

ഫോട്ടോ: ജയകൃഷ്ണൻ ഓമല്ലൂർ

ബാബു തോമസ്

പ്രളയം വിശ്വരൂപം പൂണ്ട് വിനാശം വിതച്ച് ആർത്തലച്ച് എത്തിയപ്പോൾ 3800 ൽ അധികം ജീവനുകൾക്ക് രക്ഷ നൽകാൻ നേതൃത്വം നൽകിയ പെൺകരുത്തിൽ ആറന്മുള. അതാണ് പ്രായമുള്ളവർ ഇവർക്ക് ഹസ്തദാനം നൽകി 'ഞങ്ങൾ ഞങ്ങളുടെ മകളെ തിരിച്ചറിഞ്ഞെ'ന്നും 'പെണ്ണായാൽ ഇങ്ങനെയാവണം' എന്നും പറയുന്നത്.

വീണാ ജോർജ്ജ് എംഎൽഎയുടെ നായകത്വം നാളെയുടെ ചരിത്രമാകും. രക്ഷാപ്രവർത്തകരെ ഏകോപിപ്പിക്കാൻ എംഎൽഎക്കൊപ്പം അചഞ്ചലരായി തഹസിൽദാർ ജ്യോതി, വില്ലേജ് ഓഫീസർ ആശ എന്നിവർ കൂടി അണിനിരന്നതോടെ ഇവർ ത്രീ വുമൺ ആർമി ( ത്രീ പെൺ ആർമി) യായി.

ദുരന്തനിവാരണ സേന, ഫയർ ഫോഴ്സ്, സേന, പൊലീസ്, പിഡബ്ല്യുഡി, മത്സ്യതൊഴിലാളികൾ, സന്നദ്ധ പ്രവർത്തകർ എന്നിവരെ ഏകോപിപ്പിക്കാൻ ഇവരും ഒപ്പം മുന്നണിയിൽ നിന്ന പിഡബ്ല്യുഡി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ ബിബിനുവും ചേർന്ന സംഘത്തിനായി. തെക്കേമല, ളാഹ ,മൊട്ടക്കൽ, കവല പ്ലാക്കൽ എന്നിവിടങ്ങളിലെ രക്ഷാപ്രവർത്തനങ്ങളുടെ മുഖ്യ ആസൂത്രണം വനിതാ എംഎൽഎയുടെ നേതൃത്വത്തിൽ തന്നെയായിരുന്നു എന്നത് അഭിമാനാർഹം.

തഹസിൽദാർ ജ്യോതി

വില്ലേജ് ഓഫീസർ ആശ

ആറന്മുള മണ്ഡലത്തിൽ കോഴഞ്ചേരിയിലെ കീഴുകര മേലുകര പ്രദേശങ്ങളിൽ 15 നു ഉച്ചയോടെയാണ് ആദ്യം മലവെള്ളം വിനാശകാരിയായത്. വിവരം അറിഞ്ഞ് സ്ഥലത്തെത്തിയ വീണാ ജോർജ്ജ് എൻജിനിയർ ബിനുവിന്റെ സഹായത്തോടെ ലോറികളിൽ കടത്തുവള്ളങ്ങൾ കൊണ്ടുവന്നാണ് രക്ഷാപ്രവർത്തനങ്ങൾക്കു തുടക്കമിട്ടത്. ഈ സമയം ജില്ലയിലെ ഏറ്റവും വലിയ കോളനിയായ ഏഴീക്കാട്ടും വെള്ളം കയറി തുടങ്ങി. ഉടൻ തന്നെ എംഎൽഎയും തഹസിൽദാർ ജ്യോതിയും അവിടെ ഓടി എത്തി ഇവരെ ദുരിതാശ്വാസ ക്യാമ്പുകളിലേയ്ക്കു മാറ്റി. 16ന് പുലർച്ചെ ഏഴുമുതൽ മത്സ്യബന്ധന ബോട്ടുകളുടെയും സൈന്യത്തിന്റെയും ഫയർഫോഴ്സ്, പൊലീസ് തുടങ്ങിയവരുടെ സഹായത്തോടെ തെക്കേമലയിലെ ചവട്ടുകുളം കേന്ദ്രമാക്കി രക്ഷാപ്രവർത്തനം ആരംഭിക്കുകയായിരുന്നു. ഇടതടവില്ലാതെ പെയ്ത കോരിച്ചൊരിയുന്ന മഴ നനഞ്ഞാണ് ബോട്ടുകളിൽ എത്തിക്കുന്നവരെ ആംബുലൻസുകളിലേയ്ക്ക് മാറ്റാൻ എം എൽ എ തയ്യാറായത്. ഇത് മറ്റുള്ളവരിൽ ആവേശവും കർത്തവ്യ ബോധവും ഇരട്ടിയാക്കി.

ഈ സമയം ജ്യോതിയും ആശയും വീടുകളിൽ കുടുങ്ങി കിടക്കുന്നവരുടെ ലിസ്റ്റു തയ്യാറാക്കുകയായിരുന്നു.

സ്വന്തം അമ്മയും മക്കളും ഭർത്താവും മാലക്കരയിൽ വെള്ളത്തിൽ കുടുങ്ങിക്കിടക്കുമ്പോഴാണ് മല്ലപ്പുഴശ്ശേരി വില്ലേജാഫീസർ ആശ സ്വന്തം വില്ലേജിലെ ഒന്നൊഴിയാതെ മുഴുവൻ ആളുകളേയും രക്ഷിക്കാൻ കർമ്മനിരതയായത്.

രക്ഷാപ്രവർത്തനങ്ങൾക്കു ശേഷം ക്യാമ്പുകളിലെത്തി ആവശ്യങ്ങൾക്രമീകരിക്കാനും സുഖ ദുഖങ്ങൾ പങ്കുവെയ്ക്കാനും വിശ്രമരഹിതമായ സേവനമാണ് ഇവർ ചെയ്തത്. ആറന്മുളയിലെ ദുരിതം നേരിട്ടു കാണാൻ ഒടുവിൽ മുഖ്യമന്ത്രി തന്നെ എത്തി. സ്വന്തം കുടുംബത്തിൽ ഓണം ആഘോഷിക്കാതെ ദുരിതബാധിതർക്കൊപ്പമാണ് വീണാ ജോർജ്ജ് ഓണം ഉണ്ടത്. ഇപ്പോഴും ഇവർ സേവനത്തിലാണ് പുനസൃഷ്ടിക്കുള്ള നിസ്തുല സേവനത്തിൽ.